എൽ. കെ. ജി., യു. കെ. ജി. നിലവാരത്തിലുള്ള അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് പഠനം

75 [5734] ശ്രീ. ടി. കെ. ബാലൻ:
,, എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ തലത്തിൽ വ്യാപിച്ചുവരുന്ന എൽ. കെ. ജി., യു. കെ. ജി. നിലവാരത്തിലുള്ള അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്തൊക്കെയാണ്;

(ഡി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി–ഡി) ഉണ്ട്. സംസ്ഥാനത്ത് ശിശുസംരക്ഷണവും, ശിശു വിദ്യാഭ്യാസവും കാര്യക്ഷമവും ഫലപ്രദവുമായി നടത്തുന്നതിനാവശ്യമായ ഒരു സമിതിയെ നിയമിച്ചിരുന്നു. ഈ സമിതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്ന മുറയ്ക്ക് നിബന്ധനകൾ നടപ്പിൽ വരുന്നതാണ്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

76 [5736] ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ ജില്ലയിലും എത്ര അദ്ധ്യാപകരെ വീതം നിശ്ചയിച്ചിട്ടുണ്ട്;

(സി) ഈ നിയമനങ്ങളിൽ അന്തർജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ തലത്തിൽ ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് (എസ്. എസ്. ജി.) പ്രവർത്തിച്ചുവരുന്നു. ഈ ഗ്രൂപ്പിൽ ഗ്രാമ പഞ്ചായത്ത് മെമ്പർ, പി. ടി. എ., എം. ടി. എ. പ്രതിനിധികൾ, പ്രാദേശിക സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധികളുമടങ്ങുന്ന പ്ലാനിംഗ് കമ്മിറ്റിയാണ് എസ്. എസ്. എ. പ്രവർത്തനങ്ങൾക്ക് അന്തിമ അംഗീകാരം നൽകുന്നത്. ഇതേപോലെ ബ്ലോക്ക് തലത്തിൽ ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ബ്ലോക്കുതല ഉപദേശക സമിതിയും നിലവിലുണ്ട്.

(ബി) ഓരോ ജില്ലയിലും നിശ്ചയിച്ചിട്ടുള്ള അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	132
കൊല്ലം	..	132
ആലപ്പുഴ	..	121
പത്തനംതിട്ട	..	99
കോട്ടയം	..	143
ഇടുക്കി	..	77
എറണാകുളം	..	153
തൃശ്ശൂർ	..	132
പാലക്കാട്	..	143
മലപ്പുറം	..	143
കോഴിക്കോട്	..	165
വയനാട്	..	33
കണ്ണൂർ	..	165
കാസർഗോഡ്	..	44

(സി) ഈ നിയമനങ്ങൾ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നടത്തിയിട്ടുള്ളതിനാൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly